(*b*) Does not arise in view of (*a*).

SITE FOR CONSTRUCTING A WAITING SHED

*486. [70] **Sri. Paul Thaliath:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the site for constructing a waiting shed at Parur has been selected;

(*b*) if so the locality selected; and

(*c*) when the construction of the shed will be started ?

Minister for Public Works, Communications and Agriculture **[Sri. E. John Philipose]:**

(*a*) No. The matter is under consideration.

(*b*) Does not arise.

(*c*) The construction will be started after the site for the shed is selected.

നെയ്യാറ്റിൽ അണ

* ര വ്യ ൭. (൭ ഫ) ശ്രീ. എസ്സ്. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു. മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) നെയ്യാറ്റിൽ സൌകര്യമായ സ്ഥലത്തു ഒരു അണ കെട്ടുന്നതു സംബന്ധിച്ചു് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) അതുസംബന്ധിച്ചു പ്രാരംഭ സർവ്വേ വല്ലതും നടത്തിയിട്ടുണ്ടോ; അതിലേക്കു് എന്തു ചെലവായിട്ടുണ്ടു്; അതു് ഏതാണ്ടിലാണു്;

(സി) നെയ്യാറ്റിൽ ഒരണകെട്ടി ജല ഗതാഗതത്തിനുള്ള നെയ്യാറ്റിങ്കര താലൂക്കിലെ കാർഷിക സൌകര്യം വർദ്ധിപ്പിച്ചു കൊടുക്കണമെന്നു് ജനകീയ ഗവണ്മെണ്ടിനോടു നാട്ടുകാർ അപേക്ഷിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്):

(എ) നെയ്യാറ്റിൽ അണ കെട്ടുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നു. ഇതിനെ സംബന്ധിച്ചു് ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടുണ്ടു്.

(ബി) ഫർവ-ൽ ഒരു പ്രാരംഭ അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടു്. അതിനു് ൪,൦൦൦രൂപയോളം ചിലവു വന്നിട്ടുണ്ടു്.

(സി) അപേക്ഷിച്ചിട്ടുണ്ടു്.

LEGISLATIVE BUSINESS

Announcement regarding sending in amendments

Mr. Speaker: Order, Order. Term of Office of Municipal Councillors and Chairman (Extension) Bill ന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടും റിവൈസു് ചെയ്ത ബില്ലും ഒക്ടോബർ ൨൪-ാംനു- ാനിയംഗ്ല ബഹു. മെമ്പറന്മാർക്കു വിതരണം ചെയ്തിട്ടുണ്ടു്. ഈ ബില്ലു് നാളെ പരിഗണിക്കുവാനുള്ളതാകയാൽ ആ ബില്ലിനു് എതെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കുന്ന ബഹു. മെമ്പറന്മാർ ഇന്നു് ഉച്ചക്കു രണ്ടുമണിക്കുമുമ്പു് അവർക്കുള്ള നോട്ടീസു് സിക്രട്ടറിയെ എല്പിക്കേണ്ടതാണു്.

General Sales Tax Act (Amendment) Bill ന്റെ സെലക്ടു് കമ്മിറ്റി റിപ്പോർട്ടും Temple Entry (Removal of Disabilities) Bill ന്റേയും Revenue enquiries and Summons Bill ന്റെയും സെലക്ടു് കമ്മിറ്റി റിപ്പോർട്ടുകളും റിവൈസ്ഡ് ബില്ലുകളും ഇന്നലെ വൈകിട്ടു ബഹു. അംഗങ്ങൾക്കു വിതരണം ചെയ്തിട്ടുണ്ടു്. ഈ മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker]

ബില്ലുകളും നവംബർ ഫ്രാംതീയതി ബുധനാഴ്ച പഴ്യാലോചനക്കു വരുമെന്നുള്ള തിനാൽ ഭേദഗതികൾ ഉണ്ടെങ്കിൽ അവയുള്ള നോട്ടീസുകൾ നാളെ കാലത്തു് ഫ്ര മണിക്കു മുൻപേ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണു്.

The Travancore Cochin Co-operative Societies Bill *(Contd.)*

ശ്രീ. വി. ഗംഗാധരൻ നായർ: സർ, കോവാപ്രറിവു് സൊസൈറീസു് ബില്ലിന്റെ പര്യാലോചനയിൽ പങ്കുകൊള്ളുന്നതിനു് എനിക്കു അതിയായ സന്തോഷമുണ്ടു്. കാരണം ഞങ്ങൾ ഉൾപ്പെട്ടുന്ന കക്ഷി—ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടി,സഹകരണത്തിനു് വലിയ പ്രധാന്യമാണു് നൽകിയിട്ടുള്ളതു്. ഈ ബില്ലിനെപ്പറ്റിയുള്ള ചർച്ചയിൽ എന്റെ ചില കാൺഗ്രസു് സുഹൃത്തുക്കൾ പറഞ്ഞ അഭിപ്രായഗതിയോടു് യോജിക്കുവാൻ കഴിയുന്ന എന്നുള്ളതു് വളരെ ചാരിതാർത്ഥ്യജനകമാണു്. വിശേഷിച്ചും ശ്രീമാൻ ജോസഫു് മുണ്ടശ്ശേരിയും ശ്രീമാൻ കുഞ്ഞുപ്പുനും പറഞ്ഞ അഭിപ്രായഗതികളോടു എനിക്കു കൂടുതൽ യോജിപ്പാണു് ഉള്ളതു്. ഒരു തികഞ്ഞ യാഥാസ്ഥിതികനായ മി. ബാലകൃഷ്ണൻ തമ്പി ഇവിടെ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ നമുക്കു ചിരിക്കാൻ വേണ്ടിയുള്ളതെന്നല്ലാതെ നിയമനിർമ്മാണത്തെ സഹായിക്കാൻ വേണ്ടിയുള്ളതാണെന്നു് തോന്നുന്നില്ല. എന്തായാലും സർ, ഒരു സ്ഥിതിസമത്വത്തിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യരാഷ്ട്രം സൃഷ്ടിക്കുന്നതിനു് സഹകരണം അല്ലെങ്കിൽ സഹകരണ പ്രസ്ഥാനം ഒരു ഉപകരണമാക്കി തീർക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയല്ല ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നു് കാണുമ്പോൾ നിരാശയാണു് ഉണ്ടാകുന്നതു്. സർ, ഈ ബില്ലിലെ വകുപ്പുകളിലേക്കു കടക്കണമെന്നു് ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. പൊതുവെ പറയുന്നപക്ഷം ഇതു് ഏതാനും സ്ഥാപിത താല്പര്യക്കാരുടെ മറ്റെല്ലാ പ്രസ്ഥാനങ്ങളിലും എന്നപോലെ സഹകരണപ്രസ്ഥാനത്തിലും ഉള്ള നേതൃത്വം നിലനിർത്തുന്നതിനു വേണ്ടി ഉദ്ദേശിച്ചു് ഉണ്ടാക്കിയിട്ടുള്ള ഒന്നാണെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. സർ, ഇന്നു് സഹകാരികളുടെ ഇടയിൽ വളരുന്നതായ വാദപ്രതിവാദത്തിനു് ഇടയായിട്ടുള്ള ലിമിറ്റഡ് സൊസൈറ്റിയോ അൺലിമിറ്റഡ് സൊസൈറ്റിയോ ഏതാണു് വേണ്ടതെന്നുള്ള ഒരു സജീവപ്രശ്നമുണ്ടു്. ക്ലിപ്തസഹിതസംഘങ്ങൾ സഹകരണപ്രസ്ഥാനത്തെ വളരെ അധഃപതിപ്പിക്കുന്നുണ്ടെന്നും അതു പ്രൈവറ്റ enterprisesൽ നിന്നും സഹകരണപ്രസ്ഥാനത്തെ വ്യത്യസ്തമാക്കിത്തീർക്കുന്നില്ലെന്നും, സഹകരണം ഒരു തരം ആളുകളെ പോഷിപ്പിക്കുന്നതിനുള്ള ഒരു പ്രസ്ഥാനമാക്കി തീർക്കാനാണു് ക്ലിപ്തസഹിത സംഘങ്ങൾകൊണ്ടു് സാധിക്കുന്നതെന്നുമുള്ള ശക്തിയായ അഭിപ്രായങ്ങൾ ഇന്നു് ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ക്ലിപ്തരഹിത സംഘങ്ങളായിരിക്കണം മേലാൽ ഉണ്ടായിരിക്കേണ്ടതു് എന്നാണു് എന്റെ ദൃഢമായ അഭിപ്രായം. ക്ലിപ്തരഹിതസംഘങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടെങ്കിലും ക്ലിപ്തസഹിത സംഘങ്ങൾക്കും വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നുള്ളതു് വിസ്മരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു ക്ലിപ്തസഹിതസംഘങ്ങൾ സ്ഥാപിക്കാനുള്ള സ്വാതന്ത്ര്യം പൂർണ്ണമായി ഇല്ലാതാക്കണം. ക്ലിപ്തരഹിത സംഘങ്ങൾ മാത്രമെ സഹകരണ പ്രസ്ഥാനത്തിൽ ആകാവൂ എന്ന നിയമം കർശനമാക്കേണ്ട കാലം അതിക്രമിച്ചു എന്നാണു് എനിക്കു പ്രത്യേകമായി പറയുവാനുള്ളതു്. ക്ലിപ്തരഹിത സംഘങ്ങൾ ഉണ്ടാകുന്നതായാൽ, ഇന്നു് ഈ സഹകരണപ്രസ്ഥാനം വളരുന്നതിനും പുരോഗമിക്കുന്നതിനും അനുവദിക്കാതെ വിലങ്ങുതടിയായി നിൽക്കുന്ന ഇടത്തട്ടുകാരും സ്ഥാപിത താല്പര്യക്കാരും മുഷകരും സഹകരണ സംഘങ്ങൾ വിട്ടുപോകുവാൻ ഇടയുണ്ടെന്നാണു് എനിക്കു് തോന്നുന്നതു്. ഏതാ

LIBRARY ARCHIVES Kerala Legislative Assembly